**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 381** **08-08-2023 - ൽ മറുപടിയ്ക്ക്**

**കില ഡയറക്ടർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കില ഡയറക്ടർ ജനറലിന്റെ നിയമന യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കിലയുടെ ഡയറക്ടർ ജനറലിനെ സർക്കാർ നേരിട്ടാണ് തിരഞ്ഞെടുക്കുന്നത്. കിലയുടെ ചട്ടങ്ങൾ പ്രകാരമോ സർവ്വീസ് ബൈലോ പ്രകാരമോ കില ഡയറക്ടർ തസ്തികയുടെ യോഗ്യത സംബന്ധിച്ച് പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ടായിരുന്നില്ല. എന്നതിനാൽ 09/01/2017-ലെ സ.ഉ(സാധാ) നം.52/2017/തസ്വഭവ ഉത്തരവ് പ്രകാരം കില ഡയറക്ടറെ തെരഞ്ഞെടുക്കുന്നതിനായി ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, ഡോ. എസ്.മീനാക്ഷി സുന്ദരം (Former Secretary, GoI), പ്രൊഫ.ജി.പളനിദുരൈ (Head, Dept of Political Science, The Gandhi gram Rural University Chennai) എന്നിവർ അടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി 01/02/2017 -ന് ചേർന്ന യോഗത്തിൽ കില ഡയറക്ടറുടെ യോഗ്യത നിശ്ചയിച്ചു. ടി യോഗ്യതകൾ താഴെ പറയും പ്രകാരമാണ്.<br><br>**<u>അവശ്യ യോഗ്യത</u>**<br><br>i) ഏതെങ്കിലും വിഷയത്തിൽ ബിരുദാനന്തര ബിരുദം<br>ii) വികസന മേഖലകളിൽ കുറഞ്ഞത് 20 വർഷത്തെ പരിചയവും മാനേജർ തസ്തികയിൽ 10വർഷത്തെ പ്രവൃത്തി പരിചയവും.<br>iii) വികേന്ദ്രീകൃത/പ്രാദേശിക ഭരണമേഖലയിൽ കുറഞ്ഞത് 10 വർഷത്തെ പ്രവൃത്തി പരിചയം.<br>iv) പ്രാദേശിക സർക്കാരുകളുടെ കാര്യശേഷി വികസന മേഖലയിൽ 5 വർഷത്തെ പരിചയം.<br>v) ഇംഗ്ലീഷും മലയാളവും അനായാസം കൈകാര്യം ചെയ്യുവാനുള്ള പ്രാവീണ്യം |

| | | | |
|---|---|---|---|
| | | | **അഭികാമ്യയോഗ്യത**<br>i)ഒരു പ്രശസ്ത സർവകലാശാലയിൽ നിന്ന് പ്രാദേശിക ഭരണത്തിൽ പിഎച്ച്ഡി.<br>ii) ദേശീയ അന്തർദേശീയ തലത്തിലുള്ള പ്രവർത്തിച്ച പരിചയം |
| (ബി) | കില ഡയറക്ടർ ജനറലിന്റെ കാലാവധി എത്ര വർഷമാണ്; നിലവിലെ ഡയറക്ടർ ജനറലിന്റെ കാലാവധി എന്നാണ് പൂർത്തിയാക്കുന്നത്; | (ബി) | നിലവിലെ കില മെമോറാണ്ടം ഓഫ് അസോസിയേഷൻ ആന്റ് റൂൾസ് പ്രകാരം സംസ്ഥാന ഗവൺമെന്റ് സർവ്വീസിൽ നിന്നാണ് ഡയറക്ടർ നിയമിക്കപ്പെടുന്നതെങ്കിൽ മൂന്ന് വർഷത്തേക്കോ അല്ലെങ്കിൽ 55 വയസ്സ് തികയുന്നത് വരെയോ ഏതാണോ ആദ്യം അതുവരെ തുടരാവുന്നതാണ്. ഓപ്പൺ മാർക്കറ്റിൽ നിന്ന് റിക്രൂട്ട് ചെയ്യപ്പെടുന്ന ഒരു ഡയറക്ടർക്ക് 60 വയസ്സ് തികയുന്നത് വരെ ആ തസ്തികയിൽ തുടരാൻ അനുവാദമുണ്ട്. കാലാവധി കഴിഞ്ഞ ഒരു ഡയറക്ടർക്ക് പ്രായപരിധി സംബന്ധിച്ച മേൽ നിബന്ധനകൾക്ക് വിധേയമായി വീണ്ടും നിയമനത്തിന് അർഹതയുണ്ട്.<br><br>05.05.2017-ലെ സർക്കാർ ഉത്തരവ്(സാധാ)നം.1445/2017/തസ്വഭവ പ്രകാരം നിയമനം നൽകിയ ഡയറക്ടർ ജനറലിന്റെ3 വർഷക്കാലാവധി 18.05.2020-ൽ അവസാനിച്ചതിനെത്തുടർന്ന് ആയത് വിവിധ സർക്കാർ ഉത്തരവുകളാൽ ദീർഘിപ്പിച്ചു വരികയും നിലവിൽ 15/05/2023 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം.1045/2023/LSGD പ്രകാരം ഡയറക്ടർ ജനറലിന്റെ കാലാവധി 19/05/2023 പൂർവാഹ്നം മുതൽ ടി തസ്തികയിൽ പുതിയൊരാളെ നിയമിക്കുന്നതുവരെ ദീർഘിപ്പിച്ചു നൽകിയും ഉത്തരവായിട്ടുണ്ട്. |
| (സി) | പുതിയ കില ഡയറക്ടർ ജനറലിനെ തിരഞ്ഞെടുക്കുന്നതിനു എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) | പുതിയ ഡയറക്ടർ ജനറലിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | പഠന - ഗവേഷണ കേന്ദ്രമായി പ്രവർത്തിക്കുന്ന കിലയുടെ ഡയറക്ടർ ജനറലിന്റെ അടിസ്ഥാനയോഗ്യതകളിൽ പി.എച്ച്.ഡി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ